(ഡി) പത്തനംതിട്ട ജില്ലയിലെ എക്സൈസ് റേഞ്ചുകളുടെ എണ്ണം എത്ര; അവ ഏതൊക്കെ;

(ഇ) ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 22-4-2002-ൽ നിലവിൽ വന്നു.

(ബി) 78 (എഴുപത്തിയെട്ട്) പേർക്ക്.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ഡി) 6 റേഞ്ചുകൾ. അവ അടൂർ, തിരുവല്ല, മല്ലപ്പള്ളി, റാന്നി, കോന്നി, പത്തനംതിട്ട എന്നിവയാണ്.

(ഇ) തൽക്കാലം ഉദ്ദേശമില്ല.

ഓപ്പറേഷൻ അന്നപൂർണ്ണ

77 [360] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ അന്നപൂർണ്ണ എന്ന പേരിൽ സംസ്ഥാനത്തെ എത്ര താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ വിജിലൻസ് റെയിഡ് നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റെയിഡിൽ കണക്കിൽപ്പെടാത്ത എത്ര തുക ജീവനക്കാരിൽ നിന്നും പിടിച്ചെടുത്തിട്ടുണ്ടെന്നും എത്ര ജീവനക്കാരെ കുറ്റക്കാരായി കണ്ടെത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) റെയിഡുമായി ബന്ധപ്പെട്ട റിപ്പോർട്ട് വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 11 (പതിനൊന്ന്) താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റെയിഡിൽ കണക്കിൽപ്പെടാത്ത 55,878 രൂപ (അമ്പത്തി അയ്യായിരത്തി എണ്ണൂറ്റി എഴുപത്തിയെട്ട് രൂപാ മാത്രം) ജീവനക്കാരിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. മിന്നൽ പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ 30 പേർക്കെതിരെ വകുപ്പുതല നടപടിയും രണ്ടു പേർക്കെതിരെ രണ്ടു വിജിലൻസ് കേസും രജിസ്റ്റർ ചെയ്യുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശുപാർശ ചെയ്തിട്ടുണ്ട്.

(സി ആന്റ് ഡി) പ്രസ്തുത മിന്നൽ പരിശോധനാ റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും സർക്കാരിൽ, (വിജിലൻസ് വകുപ്പിന്) ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചു വരികയാണ് എന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറിയുടേയും പഴവർഗ്ഗങ്ങളുടേയും വിലവർദ്ധന തടയുന്നതിനുള്ള സംവിധാനങ്ങൾ

78 [361] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും ക്രമാതീതമായ വിലവർദ്ധന തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്;

(ബി) എന്തെല്ലാം നടപടികളാണ് വിലവർദ്ധന തടയാൻ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഹോർട്ടികോർപ്പ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നീ പൊതുമേഖലാ സംരംഭങ്ങൾ പഴം, പച്ചക്കറി കർഷകരുടെ ഉന്നമനത്തിനായി ഉല്പാദനം മുതൽ വിപണനം വരെയുള്ള മേഖലകളിൽ നിലവിൽ ഇടപെട്ടുകൊണ്ടിരിക്കുന്നു.

ഹോർട്ടികോർപ്പിന്റെ കീഴിലുള്ള ഹരിത സ്റ്റാളുകൾ വഴി പരമാവധി വിലകുറച്ച് പച്ചക്കറികൾ വില്പന നടത്തുന്നു. കൂടാതെ ഉത്സവകാലത്ത് മിതമായ വിലയ്ക്ക് പച്ചക്കറിയും പഴവർഗ്ഗങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കാനായി ഹോർട്ടികോർപ്പ് പ്രത്യേക വില്പനയും നടത്തുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ സുതാര്യമായ വിപണനത്തിനും ഗുണനിലവാരമുള്ള കാർഷികോല്പന്നങ്ങൾ തരംതിരിച്ച് ബ്രാന്റ് ചെയ്തു വിപണിയിൽ ഇറക്കുന്നതിനുമായി ജില്ലാതലത്തിൽ സ്വാശ്രയ സംഘങ്ങളുടെ അപ്പെക്സ് ബോഡി രൂപീകരിച്ച് കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.